ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 22.01.2025 പ്രധാന വാർത്തകൾ TIME : 07.25 PM

1) അസംസ്കൃത ചണത്തിൻറെ താങ്ങുവില വർദ്ധിപ്പിക്കാൻ കേന്ദ്രമന്ത്രിസഭാ യോഗത്തിൽ തീരുമാനം. ദേശീയ ആരോഗ്യദൗത്യത്തിൻറെ നടത്തിപ്പ് രണ്ട് വർഷത്തേക്ക് കൂടി നീട്ടും.

Union Cabinet Meeting decides to increase the Minimum Support Price for raw Jute for marketing season 2025-26. National Health Mission's operations extended for two more years.

2) സാമൂഹ്യ പരിഷ്കരണങ്ങൾ ആദ്യമായി നടപ്പാക്കിയ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. മാവേലിക്കര സൈനിക് സ്കൂളും, ആറന്മുളയിലെ സുഗതോത്സവം സമാപന സമ്മേളനവും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു.

Defense Minister Rajnath Singh States Kerala is One of the First States to Implement Social Reforms. Central Minister Inaugurates Mavelikara Sainik School and Aranmula Sugathotsavam Closing Ceremony.

3) ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

Political Parties Intensify Campaigns for Delhi Legislative Assembly Elections.

4) ബ്രൂവറി - പിപിഇ കിറ്റ് വിഷയങ്ങളിൽ കേരള സർക്കാരിനെതിരെ രൂക്ഷവിമർശനവുമായി പ്രതിപക്ഷം.

**Opposition Criticizes Kerala Government Over Issues Related to Breweries and PPE Kits.**

5) **ഇന്ത്യ-ഇംഗ്ലണ്ട് ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിങ് തിരഞ്ഞെടുത്തു. ISL ഫുട്ബോളിൽ, ബെംഗളൂരു - ഒഡീഷ പോരാട്ടം.**
**India Wins the Toss and Chooses to Field in India-England T20 Cricket Series. In ISL Football, Bengaluru faces Odisha.**

***********************

**CABINET-BRIEFING-GOYAL (INTRO)**

2025-26 വിപണന സീസണിൽ അസംസ്കൃത ചണത്തിൻറെ താങ്ങുവില വർദ്ധിപ്പിക്കാൻ കേന്ദ്രമന്ത്രിസഭാ യോഗത്തിൽ തീരുമാനം. ക്വിൻറലിന് 5,650 രൂപ കുറഞ്ഞ താങ്ങുവില നിശ്ചയിച്ചതായി മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവേ കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ന്യൂഡൽഹിയിൽ പറഞ്ഞു. അസംസ്കൃത ചണ ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന രാജ്യത്തിന്റെ വടക്കുകിഴക്കൻ മേഖലയിലെ 40 ലക്ഷം കുടുംബങ്ങൾക്ക് തീരുമാനം സഹായകരമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**(ഹോൾഡ് വോയ്സ്....)**

ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ കൈവരിച്ച പുരോഗതി കേന്ദ്രമന്ത്രിസഭ അവലോകനം ചെയ്തതായും കേന്ദ്രമന്ത്രി അറിയിച്ചു. ദൗത്യം മുൻ നിശ്ചയപ്രകാരം രണ്ട് വർഷത്തേക്ക് കൂടി തുടരാൻ തീരുമാനിച്ചതായും അദ്ദേഹം പറഞ്ഞു.

***********************

**PM-BETI BACHAO BETI PADHAO**

ലിംഗവിവേചനം തടയുന്നതിനും, പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിലൂടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനും കേന്ദ്രസർക്കാരിൻറെ ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ

സംരംഭം വഴിയൊരുക്കിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പദ്ധതിയുടെ പത്താം വാർഷികത്തോടനുബന്ധിച്ച് സമൂഹ മാധ്യമത്തിലൂടെ ആശംസകൾ നേരുകയായിരുന്നു അദ്ദേഹം. പെൺകുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നത് തുടരണമെന്നും, അവർക്ക് കൃത്യമായ വിദ്യാഭ്യാസം ഉറപ്പാക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

***********************

## DAY DELHI POLL CAMPAIGN

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി, പാർട്ടിയുടെ ബൂത്ത് തല പ്രവർത്തകരുമായി നമോ ആപ്പിലൂടെ സംവദിച്ചു. മുതിർന്ന കോൺഗ്രസ് നേതാക്കളായ രാഹുൽഗാന്ധി, അജയ് മാക്കൻ എന്നിവരും പ്രചാരണ രംഗത്ത് സജീവമാണ്. ആം ആദ്മി പാർട്ടി നേതാക്കളായ അരവിന്ദ് കെജ്രിവാൾ ഭഗവന്ത് മൻ എന്നിവരും വിവിധ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. 70 അംഗ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് അടുത്തമാസം അഞ്ചിന് നടക്കും. എട്ടിനാണ് വോട്ടെണ്ണൽ.

***********************

## SC KRISHNA JANAMBHOOMI

മഥുരയിലെ ശ്രീകൃഷ്ണ ജന്മഭൂമി - ഷാഹി ഈദ്ഗാഹ് പള്ളി തർക്കവുമായി ബന്ധപ്പെട്ട് പള്ളിയിൽ പരിശോധന നടത്താനുള്ള അലഹബാദ് ഹൈക്കോടതിയുടെ ഉത്തരവിന്മേലുള്ള ഇടക്കാല സ്റ്റേ സുപ്രീം കോടതി നീട്ടി. അലഹബാദ് ഹൈക്കോടതിയുടെ ഉത്തരവ് ചോദ്യം ചെയ്ത് മസ്ജിദ് കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള ഹർജികൾ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസുമാരായ സഞ്ജയ് കുമാർ, കെ വി വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചാണ് പരിഗണിച്ചത്.

***********************

## KERALA NIYAMASABHA

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻകാരുടെയും ശമ്പള പരിഷ്കരണ കുടിശികയും, മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായ വിതരണം ചെയ്യാത്തതിനെതിരെ കേരള നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. സർക്കാർ ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ സർക്കാർ നിഷേധിക്കുന്നതായും 64,923 കോടി രൂപയുടെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിരിക്കുന്നതായും പ്രതിപക്ഷം ചൂണ്ടിക്കാട്ടി. എന്നാൽ സാമ്പത്തിക ഞെരുക്കൾക്കിടയിലും ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിൽ പ്രതിജ്ഞാബദ്ധമായ നിലപാടാണ് സർക്കാർ സ്വീകരിച്ചതെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോയി. ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചകളും നിയമസഭയിൽ ഇന്ന് നടന്നു. 13 സബ്മിഷനുകളും ഇന്ന് സഭയുടെ പരിഗണനയിൽ വന്നു.

************************

## PPE KIT

കൊവിഡ് സമയത്ത് പിപിഇ കിറ്റ് വാങ്ങിയതിൽ ക്രമക്കേടുണ്ടെന്ന പ്രതിപക്ഷ ആരോപണങ്ങൾ ശരിവയ്ക്കുന്നതാണ് സി.എ.ജി റിപ്പോർട്ടെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. കേരളത്തിലെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. എന്നാൽ കിറ്റ് വാങ്ങിയതിൽ ഒരു അപാകതയും ഇല്ലെന്ന് മുൻ ധനമന്ത്രി ടി എം തോമസ് ഐസക്ക് മാധ്യമങ്ങളോട് പറഞ്ഞു. പിപിഇ കിറ്റ് ഇടപാട് സിബിഐ അന്വേഷിക്കണമെന്ന് മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ ആവശ്യപ്പെട്ടു. പാലക്കാട് മദ്യനിർമ്മാണ ശാലയ്ക്ക് അനുമതി

നൽകിയതുമായി ബന്ധപ്പെട്ടും പ്രതിപക്ഷം രംഗത്തുവന്നു. ആരോപണത്തിൽ മുഖ്യമന്ത്രി മൗനം പാലിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ വിമർശിച്ചു. ബ്രൂവറി വിഷയം ഇന്ന് നിയമസഭയിലും ഉന്നയിച്ചിരുന്നു.

***********************

## VP-GOVERNANCE

നിലവിൽ അഞ്ചാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്നും മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകാൻ ശ്രമം പുരോഗമിക്കുകയാണെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ന്യൂഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെമോക്രാറ്റിക് ലീഡർഷിപ്പിൽ സംസാരിക്കുകയിരുന്നു ഉപരാഷ്ട്രപതി. നയരൂപീകരണത്തിൽ പരിശീലനം ലഭിച്ച ആളുകളുടെ സേവനം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

***********************

## PM-ODISHA CONCLAVE

ഉത്കർഷ് ഒഡീഷ: മേക്ക് ഇൻ ഒഡീഷ കോൺക്ലേവ് 2025 ഈ മാസം 28ന് ഭുവനേശ്വറിലെ ജനതാ മൈതാനിയിൽ നടക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. രണ്ട് ദിവസത്തെ സമ്മേളനത്തിൽ 12 ഓളം രാജ്യങ്ങളിൽ നിന്നുള്ള വ്യവസായികളും നിക്ഷേപകരും പങ്കെടുക്കും.

***********************

## DEFENCE MINISTER (INTRO)

സാമൂഹ്യ പരിഷ്കരണങ്ങൾ ആദ്യമായി നടപ്പാക്കിയ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ആത്മീയ, ശാസ്ത്ര, കലാ, സാഹിത്യമേഖലകളിൽ തിളങ്ങിയ നിരവധി മഹദ്‌വ്യക്തിത്വങ്ങളെ സൃഷ്ടിച്ച നാടാണ് കേരളമെന്നും അദ്ദേഹം പറഞ്ഞു. ആറന്മുളയിൽ കവയിത്രി

സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

**(ഹോൾഡ് വോയ്സ്......)**

പൊതുനന്മയ്ക്കായി ജനങ്ങളെ ഒന്നിപ്പിക്കാനുള്ള കവിതകളുടെ ശക്തി തിരിച്ചറിഞ്ഞ കവയിത്രിയായിരുന്നു സുഗതകുമാരി യെന്നും കേന്ദ്രമന്ത്രി പറഞ്ഞു. മാവേലിക്കരയിൽ വിദ്യാധിരാജ വിദ്യാപീഠം സൈനിക്സ്കൂളിൻറെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവഹിച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേരളത്തിലെത്തിയ കേന്ദ്രമന്ത്രി നാളെ രാവിലെ കൊച്ചിയിൽ നിന്നും വാരാണസിയിലേക്ക് മടങ്ങും.

***************************

**INDIAN NAVY– REPUBLIC DAY**

ഇത്തവണത്തെ റിപ്പബ്ലിക് ദിന പരേഡിൽ 148 അംഗ നാവിക സംഘത്തെ ലെഫ്റ്റനൻറ് കമാൻഡർ സാഹിൽ അലുവാലിയ നയിക്കും. ആറ് വനിതാ അഗ്നിവീറുകൾ ഉൾപ്പെടുന്ന നാവികസേന ബാൻഡും പരേഡിൽ അണിനിരക്കും.

***************************

**TRAIN – ACCIDENT**

മഹാരാഷ്ട്രയിലെ ജൽഗാവ് ജില്ലയിൽ പരന്ത റെയിൽവേ സ്റ്റേഷന് സമീപം കർണാടക എക്സ്പ്രസ് ഇടിച്ച് എട്ടോളം പേർ മരിച്ചതായി റിപ്പോർട്ട്. തീവണ്ടിയുടെ ചക്രങ്ങളിൽ നിന്ന് പുക ഉയർന്നതിനെത്തുടർന്ന് തീപിടുത്തമുണ്ടാകുമെന്ന് ഭയന്ന് പുഷ്പക് എക്സ്പ്രസിലെ യാത്രക്കാർ രക്ഷപ്പെടാനായി ട്രാക്കിലേക്ക് ചാടിയതാണ് ദുരന്തത്തിന് വഴിയൊരുക്കിയതെന്നാണ് വിവരം.

***************************

**IND – ENG CRICKET**

ഇന്ത്യ-ഇംഗ്ലണ്ട് ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം കൊൽക്കത്തയിലെ ഏദൻ ഗാർഡൻസ് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇന്ത്യ ഇംഗ്ലണ്ടിനെ ബാറ്റിംഗിനയച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇംഗ്ലണ്ട് 3.5

ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 38 റൺസ് എന്ന നിലയിലാണ്. പരമ്പരയിൽ അഞ്ച് മത്സരങ്ങളാണുള്ളത്..

***********************

## FOOTBALL-ISL

ISL ഫുട്ബോളിൽ ബെംഗളൂരു FC - ഒഡീഷ FC പോരാട്ടം. ബെംഗളൂരുവിലെ ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിലാണ് മത്സരം.

***********************

## MANDAVIYA KHO KHO TEAMS

ഖോ ഖോ ലോകകപ്പ് ജേതാക്കളായ പുരുഷ-വനിതാ ടീമുകളെ യുവജനകാര്യ-കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ അഭിനന്ദിച്ചു. പരമ്പരാഗത ഗെയിമുകൾ, സാമൂഹ്യബോധം, രാജ്യത്തിൻറെ കായിക മൂല്യങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതായി ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ അദ്ദേഹം പറഞ്ഞു.

***********************

## KHELO INDIA

ഖേലോ ഇന്ത്യ സീസൺ 2025ന് വിന്റർ ഗെയിംസോടെ നാളെ ലഡാക്കിൽ തുടക്കമാകും. അഞ്ച് ദിവസമായി നടക്കുന്ന ഗെയിംസിൽ ഐസ് ഹോക്കി, ഐസ് സ്കേറ്റിംഗ് എന്നീ രണ്ട് ഇനങ്ങളിലായി രാജ്യമെമ്പാടുമുള്ള 19 ടീമുകൾ മത്സരിക്കും. ഗെയിംസിന്റെ രണ്ടാം ഘട്ടം ഫെബ്രുവരി 22-25 വരെ ജമ്മു കശ്മീരിൽ നടക്കും.

***********************

## EVE MAHAKUMBH- UP CABINET MEETING

ഉത്തർപ്രദേശിലെ പ്രയാഗ് രാജിൽ മുഖ്യമന്ത്രി യോഗി ആദിത്യനാഥിൻറെ നേതൃത്വത്തിൽ പ്രത്യേക മന്ത്രിസഭാ യോഗം ചേർന്നു. ത്രിവേണി സങ്കുലിൽ നടന്ന യോഗത്തിൽ സംസ്ഥാനത്തെ 54 മന്ത്രിമാരും പങ്കെടുത്തു. ഹത്രാസ്, ബാഗ് പത്, കാസ് ഗഞ്ച് എന്നിവിടങ്ങളിൽ പൊതു- സ്വകാര്യ പങ്കാളിത്തത്തോടെ മെഡിക്കൽ കോളേജുകൾ രൂപീകരിക്കാൻ തീരുമാനിച്ചതായി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അറിയിച്ചു.

************************

**NSE MILESTONE**

നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യയിൽ നിക്ഷേപക രജിസ്ട്രേഷനുകൾ വർദ്ധിക്കുന്നതായി N S E ചീഫ് ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ ശ്രീറാം കൃഷ്ണൻ . ഈ മാസം 20 ന് N S E യിലെ നിക്ഷേപ രജിസ്ട്രേഷൻ 11 കോടി പിന്നിടുകയും മൊത്തം അക്കൗണ്ടുകളുടെ എണ്ണം 21 കോടിയിലെത്തുകയും ചെയ്തതായും അദ്ദേഹം പറഞ്ഞു.

************************

**DAY TURKIYE-FIRE**

വടക്കുപടിഞ്ഞാറൻ തുർക്കിയെയിലെ ബഹുനില റിസോർട്ടിലുണ്ടായ തീപിടിത്തത്തിൽ മരിച്ചവരുടെ എണ്ണം 76 ആയി. 51 പേർക്ക് പരിക്കേറ്റു. ഇരുനൂറിലേറെ പേരെ സംഭവസ്ഥലത്തു നിന്ന് രക്ഷപെടുത്തി. റിസോർട്ടിലെ റെസ്റ്റോറൻ്റിലാണ് ഇന്നലെ തീപിടുത്തമുണ്ടായത്. അന്വേഷണത്തിൻ്റെ ഭാഗമായി ഹോട്ടൽ ഉടമ ഉൾപ്പടെ ഒമ്പത് പേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

************************

**ADD: JHARKHAND: NAXAL ENCOUNTER**

ഝാർഖണ്ഡിൽ പൊലീസും നക്സൽ വിഭാഗമായ ഝാർഖണ്ഡ് ജൻ മുക്തി പരിഷത്തും തമ്മിൽ ഏറ്റുമുട്ടൽ തുടരുന്നു. ലാതേഹാർ ജില്ലയിലുണ്ടായ ഏറ്റുമുട്ടലിൽ ഒരു നക്സലിന് വെടിയേറ്റിട്ടുണ്ട്. പ്രദേശത്ത് നിന്ന് ആയുധങ്ങളും കണ്ടെടുത്തു. മേഖലയിൽ പരിശോധന തുടരുന്നതായി എസ് പി, കുമാർ ഗൗരവ് അറിയിച്ചു.

************************

**IMD WEATHER**

ജമ്മു-കശ്മീർ, ലഡാക്ക്, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിലെ ചില പ്രദേശങ്ങളിൽ നാളെ ശൈത്യതരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഇന്ന് മൂടൽ മഞ്ഞിന് സാധ്യതയുണ്ട്. അതേസമയം, പടിഞ്ഞാറൻ

കാറ്റിൻറെ പ്രഭാവത്താൽ ഡൽഹിയിൽ രണ്ട് ദിവസത്തിനുള്ളിൽ താപനിലയിൽ കുറവുണ്ടാകുമെന്നും കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു.

************************

## QUAD-JOINT STATEMENT

വാഷിംഗ്ടൺ ഡിസിയിൽ നടന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ വിദേശകാര്യമന്ത്രി എസ് ജയശങ്കർ പങ്കെടുത്തു. നിയമവാഴ്ച, ജനാധിപത്യ മൂല്യങ്ങൾ, പരമാധികാരം, പ്രാദേശിക സമഗ്രത എന്നിവ സംരക്ഷിക്കുന്നതിൽ ഇന്തോ-പസഫിക് മേഖലയ്ക്കുള്ള പ്രതിബദ്ധത ഉറപ്പിക്കുന്നതായിരുന്നു കൂടിക്കാഴ്ചയെന്ന് യുഎസ് വിദേശകാര്യ വകുപ്പ് സംയുക്ത പ്രസ്താവനയിൽ അറിയിച്ചു. വർദ്ധിച്ചുവരുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ പ്രാദേശിക നാവിക, സാമ്പത്തിക, സാങ്കേതിക സുരക്ഷ ശക്തിപ്പെടുത്തുന്നതിന് ക്വാഡ് പ്രതിജ്ഞാബദ്ധമാണെന്നും പ്രസ്താവനയിൽ പറയുന്നു.

************************

************

*********